"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ മേലാർകോട് കെ.എ.യു.പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപികമാരായ ശ്രീമതി ലളിത.കെ.എം, ശ്രീമതി. മൃദുല നാരായണൻ എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഡബ്ള്യൂ.പി(സി)നം. 23640/2023 മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 20.7.2023 -ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.8293/2023/GEDN തീയതി,തിരുവനന്തപുരം, 28-12-2023

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ മേലാർകോട് കെ.എ.യു.പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപികയായ ശ്രീമതി ലളിത.കെ.എം, സർക്കാരിൽ സമർപ്പിച്ച 3.7.2023 തീയതിയിലെ പരിശോധനാ ഹർജി(Ext.6).
2. പാലക്കാട് ജില്ലയിലെ മേലാർകോട് കെ.എ.യു.പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപികയായ ശ്രീമതി. മൃദുല നാരായണൻ സർക്കാരിൽ സമർപ്പിച്ച 3.7.2023 തീയതിയിലെ പരിശോധനാ ഹർജി(Ext.7).
3. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 23640/2023 മേലുള്ള 20.7.2023 തീയതി വിധിന്യായം.
4. ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/10/2023 തീയതിയിലെ സി/1346/2023 നമ്പർ കത്ത്.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26/10/2023 തീയതിയിലെ ജി1/18062/2023/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ മേലാർകോട് കെ.എ.യു.പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപികമാരായ ശ്രീമതി ലളിത.കെ.എം, ശ്രീമതി. മൃദുല നാരായണൻ എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഡബ്ള്യൂ.പി(സി)നം. 23640/2023 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 3 വിധിന്യായത്തിൽ ഒന്നാം ഹർജിക്കാരിയായ ശ്രീമതി ലളിത.കെ.എം സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P6 ) പുന പരിശോധനാ ഹർജിയും രണ്ടാം ഹർജിക്കാരിയായ ടി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപികയായ ശ്രീമതി. മൃദുല നാരായണൻ സർക്കാരിൽ സമർപ്പിച്ച പരാമർശം 2 (Ext.P7) പുന പരിശോധനാ ഹർജിയും

ഹർജിക്കാരെയും ടി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ബന്ധപ്പെട്ട കക്ഷികളെ 26.10.2023-ൽ തീയതിയിൽ നേരിൽ കേട്ടു.

2. ഹർജിക്കാരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

"പാലക്കാട് ജില്ലയിലെ ആലത്തൂർ ഉപജില്ലയിൽപ്പെട്ട കെ.എ.യു.പി സ്കൂൾ മേലാർക്കോട് 2008-2009 വർഷത്തിൽ അർഹതപ്പെട്ടിട്ടുള്ള അധിക യു.പി.എസ്.ടി തസ്തികയിൽ ആണ് മാനേജർ ഹർജിക്കാരെ 03.6.2008, 4.6.2008 തീയതി മുതൽ നിയമിക്കപ്പെട്ടിട്ടുള്ളത് എന്നാൽ 2005-2006 വർഷം മുതൽ വിദ്യാലയങ്ങളിൽ അധിക തസ്തിക അനുവദിക്കുന്നതിന് 17.8.2005 പൊ.വി.വ പ്രകാരം നിയന്ത്രണമുണ്ടായതിനാൽ അധിക തസ്തിക അനുവദിക്കപ്പെട്ടിരുന്നില്ല ആയതിനാൽ തന്നെ ഹർജിക്കാരുടെ നിയമനം അംഗീകരിച്ച് ഉത്തരവായിട്ടില്ല. സർക്കാർ പിന്നീട് 12.1.2010-ലെ GO (P) No.10/10/പൊ.വി.വ പ്രകാരം 2005-2006 വർഷം മുതൽക്ക് അധിക തസ്തിക അനുവദിക്കുന്നതിനും ഉപാധികളോടെ ഉത്തരവായെങ്കിലും വിദ്യാലയത്തിൽ 2008-2009 വർഷത്തിൽ അർഹതപ്പെട്ടിട്ടുള്ള അധിക തസ്തികകൾ അനുവദിക്കപ്പെട്ടിട്ടും എന്നാൽ പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ടിട്ടുള്ളവരുടെ നിയമനം അംഗീകരിക്കുന്നതിനുള്ള 1:1 അനുപാതം മാനേജർ പാലിക്കപ്പെട്ടകയോ ബോണ്ട് സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ 3.6.2008, 4.6.2008 തീയതി മുതൽക്കുള്ള നിയമനം അംഗീകരിക്കപ്പെട്ടിരുന്നില്ല.

നിയമനം അംഗീകാരം ഇല്ലാതെ സേവനത്തിൽ തുടർന്ന് 01.10.2011-ലെ GO (P) No.199/11/പൊ.വി.വ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട ഹർജിക്കാരുടെ നിയമനം 01.6.2011 മുതൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നിയമന തീയതി മുതൽ 31.5.2011 വരെ ഉള്ള നിയമനം ഇപ്പോഴും അംഗീകരിക്കാതെ നിൽക്കുന്നുണ്ട്.

സർക്കാർ തന്നെ ഇത്തരത്തിലുള്ള നിരവധി നിയമനാംഗീകാരം റിവിഷൻ ഹർജിയിന്മേൽ മാനേജർ ബോണ്ട് വെച്ചതായി കണക്കാക്കികൊണ്ട് നിയമന തീയതി മുതൽക്കുള്ള നിയമനം അംഗീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. അപ്രകാരം നിയമന തീയതി മുതൽ 31.5.2011 വരെയുള്ള നിയമനം അംഗീകരിക്കുന്നതിന് ആലത്തൂർ ഉപജില്ലവിദ്യാഭ്യാസ അവർകൾക്ക് നിർദ്ദേശം നൽകി റിവിഷൻ ഹർജിയിന്മേൽ ബഹു.ഹൈക്കോടതി വിധിന്യായം പാലിച്ച് ഉത്തരവാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു."

3. വിദ്യാഭ്യാസ ഓഫീസർമാരുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"പാലക്കാട് ജില്ലയിലെ ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ആഫീസറുടെ പരിധിയിലുള്ള

മേലാർക്കോട് കെ.എ.യു.പി സ്കൂളിൽ ശ്രീമതി.കെ.എം.ലളിത യെ യു.പി.എസ്.ടി തസ്തികയിൽ 3.6.2008 മുതൽ 2008-09 -ലെ പ്രതീക്ഷിത അധിക തസ്തികയിൽ നിയമിച്ചു. എന്നാൽ 2008-09-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അധിക തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ നിയമനം എ.ഇ.ഒ നിരസിച്ച് ഉത്തരവായി. മാനേജർ ടിയാരിയെ വീണ്ടും 1.6.2009 മുതൽ 2008-09 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിൽ വീണ്ടും നിയമിക്കുകയും, 2008-09 -ലെ തസ്തിക നിർണ്ണയ ഉത്തരവ് അനുസരിച്ച് അധിക തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ നിയമനവും എ.ഇ.ഒ നിരസിച്ച് ഉത്തരവായി.

ശ്രീമതി.ലളിത.കെ.-യെ അധിക തസ്തികയിൽ നിയമിച്ച നിയമനം അംഗീകരിക്കുന്നതിനായി ജി.ഒ (പി) നം.10/2010 പൊ.വി.വ തീയതി 12.01.2010 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചിരുന്നില്ല എന്നതിനാൽ നിയമന തീയതി മുതലുള്ള നിയമനം അംഗീകരിക്കാൻ വ്യവസ്ഥയുണ്ടായിരുന്നില്ല എന്നും എന്നാൽ ടിയാരിയുടെ നിയമനം പിന്നീട് ജി.ഒ (പി) നം.199/2011/പൊ.വി.വ തീയതി 01.10.2011 പ്രകാരവും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.12.2011-ലെ എച്ച്2/35920/2011 നമ്പർ ഉത്തരവ് പ്രകാരവും 01.6.2011 മുതൽ താൽക്കാലികമായി അംഗീകരിച്ച നൽകിയിട്ടുണ്ട് എന്ന് എ.ഇ.ഒ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ടി സ്കൂളിൽ തന്നെ ശ്രീമതി.മൃദുല നാരായണനെ യു.പി.എസ്.ടി തസ്തികയിൽ 4.6.2008 മുതൽ 2008-09-ലെ പ്രതീക്ഷിത അധിക തസ്തികയിൽ മാനേജർ നിയമിച്ചു. തസ്തിക നിർണ്ണയ ഉത്തരവ് അനുസരിച്ച് 2008-09 വർഷത്തിൽ അധിക തസ്തിക അനുവദിച്ചിട്ടില്ലാത്തിനാൽ ഈ നിയമനം എ.ഇ.ഒ നിരസിച്ച് നൽകി. മാനേജർ ടിയാരിയെ വീണ്ടും 2008-09 വർഷത്തെ പ്രതീക്ഷിത ഒഴിവിൽ 1.6.2009 മുതൽ യു.പി.എസ്.ടി ആയി വീണ്ടും നിയമിക്കുകയും, 2008-09 വർഷത്തിൽ അധിക തസ്തിക അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ നിയമനവും എ.ഇ.ഒ നിരസിച്ച നൽകി.

ശ്രീമതി.മൃദുല നാരായണനെ അധിക തസ്തികയിൽ നിയമിച്ച നിയമനം അംഗീകരിക്കുന്നതിനായി ജി.ഒ (പി)നം 10/2010/പൊ.വി.വ തീയതി 12.1.2010 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചിരുന്നില്ല എന്നതിനാൽ നിയമന തീയതി മുതലുള്ള നിയമനം അംഗീകരിക്കാൻ വ്യവസ്ഥയുണ്ടായിരുന്നില്ല എന്നും എന്നാൽ ടിയാരിയുടെ നിയമനം പിന്നീട് ജി.ഒ (പി)നം.199/2011/പൊ.വി.വ തീയതി 1.10.2011 പ്രകാരവും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 7.12.2011-ലെ എച്ച്2/35920/2011 നമ്പർ ഉത്തരവ് പ്രകാരവും 1.6.2011 മുതൽ താൽക്കാലികമായി അംഗീകരിച്ച നൽകിയിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കെ.എ.യു.പി.എസ് മേലാർകോടിലെ 2010-11 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ്

പുന:ക്രമീകരിക്കുകയും 2 അധിക തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അദ്ധ്യാപകരെ 1.6.2011 മുതൽ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി താൽക്കാലികമായി നിയമനം അംഗീകരിച്ചു നൽകിയത് എന്നും എന്നാൽ 2008-09, 2009-10 വർഷങ്ങളിലെ തസ്തിക നിർണ്ണയം പുന:ക്രമീകരിക്കുകയോ, അധിക യു.പി.എസ്.എ തസ്തികകൾ അനുവദിക്കകയോ ചെയ്തിട്ടില്ല എന്നും എ.ഇ.ഒ റിപ്പോർട്ട് ചെയ്തുരിക്കുന്നു."

4. സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദം, കെ.ഇ.ആർ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2010-11 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുന:ക്രമീകരിക്കുകയും 2 അധിക തസ്തികകൾ അനുവദിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് യു.പി.എസ്.ടി മാരായ ശ്രീമതി.ലളിത, ശ്രീമതി.മൃദുല നാരായണൻ എന്നിവരെ GO (P) 199/2011/പൊ.വി.വ തീയതി 1.10.2011 പ്രകാരം 1.6.2011 മുതൽ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം അംഗീകരിച്ചു നൽകിയിട്ടുള്ളത്. എന്നാൽ 2008-09, 2009-10 വർങ്ങളിലെ തസ്തിക നിർണ്ണയം പുന:ക്രമീകരിക്കുകയോ, അധിക യു.പി.എസ്.എ തസ്തികകൾ അനുവദിക്കുകയോ ചെയ്തിട്ടില്ല എന്ന് ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഹർജിക്കാരെ ഉൾക്കൊള്ളാനുള്ള വ്യവസ്ഥാപിത തസ്തിക നിലവിലില്ലാത്തതിനാൽ 3.6.2008 മുതൽ 31.5.2011 വരെയുള്ള പ്രതീക്ഷിത അധിക തസ്തികയിലെ ശ്രീമതി.ലളിത.കെയുടെ നിയമനവും, 4.6.2008 മുതൽ 31.5.2011 വരെയുള്ള ശ്രീമതി. മൃദുല നാരായണന്റെ പ്രതീക്ഷിത അധിക തസ്തികയിലെ നിയമനവും അംഗീകരിക്കണമെന്ന എക്സിബിറ്റ് പി6, പി7 പുന പരിശോധനാ ഹർജികളിലെ(പരാമർശം, 1, 2) ആവശ്യം നിരസിച്ച് ആയവ തീർപ്പാക്കി അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം 3 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട് ജില്ല.
മാനേജർ, കെ.എ.യു.പി സ്കൂൾ, മേലാർകോട്, പാലക്കാട്.

പ്രഥമാദ്ധ്യാപിക, കെ.എ.യു.പി സ്കൂൾ, മേലാർകോട്, പാലക്കാട്.

ശ്രീമതി.ലളിത.കെ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,

എ.കെ.എ.യു.പി സ്കൂൾ, മേലാർകോട്, പാലക്കാട്.

ശ്രീമതി. മൃദുല നാരായണൻ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,

എ.കെ.എ.യു.പി സ്കൂൾ, മേലാർകോട്, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 28-12-2023 15:04:08

സെക്ഷൻ ഓഫീസർ